Page 1 of 1

## തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പ് വോട്ടിംഗ് രീതി

167 (7466) ഡോ. ടി. എം. തോമസ് ഐസക് :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്തുവരുന്ന തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിൽ വോട്ടിംഗ് രീതിയിൽ മാറ്റം വരുത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ ;

(ബി) മാറ്റങ്ങൾക്കനുസൃതമായി നടത്തപ്പെടുന്ന തെരഞ്ഞെടുപ്പിന്റെ ചെലവ് ത്രിതല പഞ്ചായത്തുകൾ വഹിക്കണമെന്ന നിർദ്ദേശം ഉയർന്നു വന്നിട്ടുണ്ടോ ; ഇതുസംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ ;

(സി) തെരഞ്ഞെടുപ്പ് ചെലവ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെമേൽ കെട്ടിവയ്ക്കുന്നത് പ്രസ്തുത സ്ഥാപനങ്ങളെ സാമ്പത്തിക പ്രതിസന്ധി യിലേക്ക് തള്ളിവിടുമെന്നകാര്യം പരിശോധിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

### ഉത്തരം

(എ) 2015-ൽ നടത്തേണ്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതുതെരഞ്ഞെടുപ്പിൽ നഗരസഭകൾക്കുപുറമെ ത്രിതല പഞ്ചായത്തുകളിലും ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ ഉപയോഗിക്കാമെന്ന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിക്കുകയും വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനെത്തുടർന്ന് ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ ഉപയോഗിക്കുന്നതിന് ആവശ്യമായ ചെലവ് തുക കണ്ടെത്തുന്നതിലേക്കായി ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ പദ്ധതി വിഹിതത്തിൽ നിന്നും യഥാക്രമം 9 ലക്ഷം, 5 ലക്ഷം, 20 ലക്ഷം രൂപ വീതം നീക്കിവയ്ക്കുവാൻ അനുമതി നൽകിക്കൊണ്ട് 9-6-2014 തീയതിയിൽ സ.ഉ. (സാധാ) 1437/14/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി &സി) കേരള പഞ്ചായത്ത് രാജ് നിയമം 148-ാം വകുപ്പ് പ്രകാരം വോട്ടർ പട്ടിക തയ്യാറാക്കൽ ഉൾപ്പെടെയുള്ള പഞ്ചായത്ത് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട എല്ലാ ചെലവുകളും നേരിടുന്നതിനുള്ള ചെലവുകൾ തുടക്കത്തിൽ സർക്കാർ നൽകേണ്ടതും നിർണ്ണയിക്കപ്പെട്ടേക്കാവുന്ന അങ്ങനെയുള്ള രീതിയിൽ അങ്ങനെയുള്ള ചെലവുകൾ ബന്ധപ്പെട്ട പഞ്ചായത്തുകളിൽനിന്ന് സർക്കാരിന് തിരിച്ചുനൽകേണ്ടതുമാണ്. ഇതിനു സമാനമായ കേരള പഞ്ചായത്ത് രാജ് (തെരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിൽ ചട്ടം 63 പ്രകാരം തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് 148-ാം വകുപ്പുപ്രകാരം സർക്കാർ നൽകുന്ന ഫണ്ടുകൾ, ബന്ധപ്പെട്ട പഞ്ചായത്തിന് സംസ്ഥാന സഞ്ചിതനിധിയിൽനിന്ന് നൽകുന്ന സഹായഗ്രാന്റിൽനിന്നും തെരഞ്ഞെടുപ്പ് തീയതി മുതൽ ഒരു വർഷത്തിനകം നീക്കുപോക്കുചെയ്യേണ്ടതാണ് എന്നും വ്യക്തമാക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly